# മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടി ഉത്തരവ്

## ഹാജർ ഃ എം.കെ.സുർജിത്

വിഷയം–: വനാവകാശ നിയമപ്രകാരം ഷോളയൂർ ഗ്രാമപഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല പദ്ധതിയുടെ നടത്തിപ്പിനായി ബൂസ്റ്റർ റോഡ്, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിനായി വനഭൂമി വിട്ടുനൽകുന്നത് – സംബന്ധിച്ച്.

സൂചന–:
1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ പ്രൊജക്ട് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പാലക്കാടിന്റെ 6.10.2022 തീയ്യതിയിലെ KWA/WSP/PKD/JJM/1779/Sholayur നമ്പർ കത്ത്.
2) അഗളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ 23.12.2022 തീയ്യതിയിലെ C1-992/2022 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ **B-8660/2022** തീയ്യതി 27/12/2022

വനാവകാശ നിയമപ്രകാരം ഷോളയൂർ ഗ്രാമപഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല പദ്ധതിയുടെ നടത്തിപ്പിനായി ബൂസ്റ്റർ റോഡ്, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിനായി വനഭൂമി വിട്ടുനൽകുന്നതിനായി വനാവകാശ നിയമപ്രകാരം പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ പ്രൊജക്ട് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി അപേക്ഷയിൻമേൽ അന്വേഷണം നടത്തി അഗളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ Form B, അന്വേഷണ റിപ്പോർട്ട് എന്നിവ സമർപ്പിച്ചിട്ടുണ്ട്. അഗളി റെയിഞ്ചിലെ ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും വി.എഫ്.സി.ഐറ്റം നമ്പർ 96 ആനക്കട്ടി– വട്ടലക്കിയിൽ ഉൾപ്പെട്ട 0.52 ഹെക്ടർ സ്ഥലം ഷോളയൂർ ഗ്രാമപഞ്ചായത്തിന് ബൂസ്റ്റർ റോഡ്, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിനായി 0.52 ഹെക്ടർ വനഭൂമി ആവശ്യമാണെന്നും, ആയതിന് മരങ്ങളൊന്നും മുറിക്കേണ്ട ആവശ്യമില്ലായെന്നും, ശുദ്ധജല ദൗർലഭ്യം നേരിടുന്ന ഷോളയൂർ ഗ്രാമപഞ്ചായത്തിലെ വട്ടലക്കി ഉൾപ്പെടെയുള്ള ഊരുകളിൽ ശുദ്ധജല ദൗർലഭ്യ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകുമെന്നും ആയതിനാൽ മേൽ പ്രവൃത്തിക്കായി 0.52 ഹെക്ടർ വനഭൂമി അനുവദിക്കാവുന്നതാണെന്ന് അഗളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സൂചന(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട ഗ്രാമസഭയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു ഹെക്ടർ വരെയുള്ള വനഭൂമി വനേതര ആവശ്യത്തിനായി വിട്ടുനൽകുവാൻ The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights ) Act 2006 ലെ സെക്ഷൻ 3(2) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതും, ടി അധികാരം വിനിയോഗിക്കുന്നതിനായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ അഗളി റെയിഞ്ചിലെ ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും വി.എഫ്.സി.ഐറ്റം നമ്പർ 96 ആനക്കട്ടി– വട്ടലക്കിയിൽ ഉൾപ്പെട്ട 0.52 ഹെക്ടർ സ്ഥലം ഷോളയൂർ ഗ്രാമപഞ്ചായത്തിന് ബൂസ്റ്റർ റോഡ്, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിനായി 0.52 ഹെക്ടർ വനഭൂമി താഴെ പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി അനുമതി നൽകിക്കൊണ്ട് മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ **എം.കെ.സുർജിത്** എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

1) മേൽപ്പറഞ്ഞ സ്ഥലത്തിന്റെ തരം മാറുന്നതല്ല. ആയത് നിക്ഷിപ്ത വനഭൂമി ആയി തന്നെ തുടരുന്നതാണ്.
2) അനുവദിക്കപ്പെട്ട ആവശ്യത്തിനല്ലാതെ മറ്റേതെങ്കിലും കാര്യത്തിന് ടി വനഭൂമി ഉപയോഗിക്കാൻ പാടുള്ളതല്ല.
3) മൂന്നു മാസത്തിനകം ടി പ്രവൃത്തി ആരംഭിക്കേണ്ടതാണ്.
4) ഇപ്പോൾ അനുവാദം നൽകുന്നത് മൂലം ഭാവിയിൽ ടി വനഭൂമിയിന്മേലോ, മറ്റേതെങ്കിലും കാര്യത്തിന്മേലോ ബന്ധപ്പെട്ട യൂസർ ഏജൻസിക്ക് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉന്നയിക്കാവുന്നതല്ല.
5) മേൽപ്പറഞ്ഞ നിബന്ധകൾ പാലിക്കാതിരുന്നാൽ, ഇപ്പോൾ നൽകുന്ന അനുവാദം സ്വയം റദ്ദാകുന്നതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് അട്ടപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉറപ്പു വരുത്തേണ്ടതും, മേൽപ്പറഞ്ഞ സ്ഥലം ഡിമാർക്കേറ്റ് ചെയ്യേണ്ടതുമാണ്.

**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**
മണ്ണാർക്കാട്

<u>പകർപ്പ് :</u>

1) ബഹു:ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാതല കമ്മിറ്റി
2) ബഹു: ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാട്
3) എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ പ്രൊജക്ട് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പാലക്കാടിന് അറിവിനായി.
4) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, അഗളി.

D:\SURESH\B\2022\B-8660-22 (M). (Pro) FRA .doc